# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2256 – 07/02/2019-ലെ മറുപടിക്ക്

### പ്രളയാനന്തര പ്രവർത്തനങ്ങൾക്ക് വിഭവസമാഹരണം

ചോദ്യം | ഉത്തരം

ശ്രീ. കെ. വി. വിജയദാസ് | ഡോ. ടി. എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | കേരളത്തിലെ പ്രളയാനന്തര പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; | പി.ഡി.എൻ.എ റിപ്പോർട്ട് പ്രകാരം പുന:സൃഷ്ടിക്കായി 26985 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| ബി | ഇത് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ വിഭവസമാഹരണം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ; | പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്തുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>വായ്പയിനത്തിൽ ലോകബാങ്ക് / ADB / KFW എന്നിവയിൽ നിന്നും 7200 കോടി രൂപയും, RIDF -ൽ നിന്നും 400 കോടി രൂപയും, NIDA -യിൽ നിന്നും 2500 കോടി രൂപയും, HUDCO -യിൽ നിന്നും 1300 കോടി രൂപയും, സ്വരൂപിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങളുടെ വിതരണ വിലയിന്മേൽ രണ്ടു വർഷത്തേയ്ക്ക് 1 ശതമാനം സെസ്സ് ഏർപ്പെടുത്തുന്നതിലൂടെ പ്രതിവർഷം 600 കോടി രൂപ ലഭിയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>നിലവിൽ ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ |

| | | |
|---|---|---|
| | | പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗ പ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് 'നോ ഒബ്ജക്ഷൻ' ശുപാർശ ചെയ്തിട്ടുണ്ട്.<br>കൂടാതെ ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിയ്ക്കുന്ന സംഭാവനകൾ, ദേശീയ ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്നുള്ള ധനസഹായം എന്നിവ വഴിയുള്ള ധനസമാഹരണവും ഉദ്ദേശിക്കുന്നു. |
| സി | ടി ആവശ്യത്തിനായുള്ള വിഭവസമാ ഹരണത്തിന്റേയും വിതരണത്തിന്റേയും മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | 12/10/2018 തീയതിയിലുള്ള സർക്കാർ ഉത്തരവ് ജി.ഒ.(പി) നം. 161/2018/ധനം പ്രകാരം പ്രളയാനന്തര പുനർനിർമ്മാണ ത്തിനുള്ള വിഭവ സമാഹരണവും വിതരണവും സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി സംസ്ഥാന ആസൂത്രണ ബോർഡ് ജീവനോപാധി വികസന പാക്കേജ് റിപ്പോർട്ടും ക്രെഡിറ്റ് പ്ലാനും തയ്യാറാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ